പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

08.02.2013 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 97

## റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി കെ.കെ. ലതിക<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ:<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. കെ. ദാസൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഗോതമ്പിനും മണ്ണെണ്ണ യ്ക്കും വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | പൊതു വിതരണ ശൃംഖലയിലൂടെ റേഷൻകടകൾ വഴി വിതരണം നടത്തുന്ന നോർമൽ വിഹിതമായി ലഭ്യമായിട്ടുള്ള ഗോതമ്പിന്റെ വില വർദ്ധിപ്പിച്ചിട്ടില്ല. കേന്ദ്ര സർക്കാർ നടപ്പിലാക്കിയ വില വർദ്ധനവിനെതുടർന്ന് മണ്ണെണ്ണയുടെ വില 2013 ജനുവരി മുതൽ ലിറ്ററിന് 15.50/16 രൂപയിൽ നിന്ന് 16.50/17 രൂപ യായും സാധാരണ റേഷന് പുറമേ 2012 ഓണം സ്പെഷ്യൽ അലോക്കേഷനായി OMSS നിരക്കിൽ അനുവദിച്ച ഗോതമ്പിന്റെ വില 13 രൂപയിൽ നിന്ന് 19 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിലവർദ്ധനവ് മുൻകൂട്ടി ഉപഭോക്താക്കളെ അറിയിച്ചിരുന്ന താണോ; | (ബി) + (സി) | വിലവർദ്ധനവ് സംബന്ധിച്ച തീരുമാനം കേന്ദ്രസർക്കാരാണ് നടപ്പിലാക്കിയത്. വർദ്ധനവ് സംബന്ധിച്ച് പത്രക്കുറിപ്പുകൾ മുഖേന അറിയിപ്പുകൾ നല്കിയിട്ടുണ്ട്. |
| (സി) | ഇത്തരം വിലവർദ്ധനവിനുണ്ടായ കാരണങ്ങൾ എന്താണ് ; | | |
| (ഡി) | പൊതുവിപണിയിൽ ഭീമമായ വില വർദ്ധനവ് അനുഭവിക്കുന്ന ജന ങ്ങൾക്ക് ഇത് ദുസ്സഹമാകും എന്ന് അറിവുള്ളതാണോ; എങ്കിൽ ഇത് പിൻവലിക്കാൻ തയ്യാറാകുമോ? | (ഡി) | പൊതുവിപണിയിലെ വിലയേക്കാൾ വളരെ കുറഞ്ഞനിരക്കിലാണ് പൊതു വിതരണ ശൃംഖല മുഖേന റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ